**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.310 08.06.2015-ൽ മറുപടിയ്ക്ക്**

**ആലപ്പുഴ സായി കേന്ദ്രത്തിൽ ആത്മഹത്യ ചെയ്ത വിദ്യാർത്ഥിനിയുടെ കുടുംബത്തിന് സർക്കാർ ജോലി**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.ജി.സുധാകരൻ** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | ആലപ്പുഴ സായി കേന്ദ്രത്തിൽ ആത്മഹത്യ ചെയ്ത അപർണ്ണ രാമചന്ദ്രന്റെ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി നൽകാൻ നടപടി സ്വീകരിക്കുമോ ; | (എ) | മരണമടഞ്ഞ കുട്ടിയുടെ മാതാവിന് സായി കേന്ദ്രത്തിൽ ജോലി നൽകാമെന്ന് സായി ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | അപർണ്ണയുടെ മരണത്തോടുകൂടി പ്രതീക്ഷയറ്റ കുടുംബത്തിന് സംസ്ഥാന സർക്കാർ അടിയന്തിര സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ; | (ബി) & (സി) | മരണമടഞ്ഞ കുട്ടിയുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 3 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. കൂടാതെ ചികിത്സയിൽ കഴിയുന്ന കുട്ടികൾക്ക് 25,000/- രൂപ വീതവും അനുവദിച്ചിട്ടുണ്ട്. |
| (സി) | ആത്മഹത്യാശ്രമത്തെത്തുടർന്ന് ശാരീരികമായും മാനസികമായും തളർന്ന മറ്റു മൂന്നു കുട്ടികൾക്ക് അടിയന്തിര സാമ്പത്തിക സഹായവും സർക്കാർ ജോലിയും നൽകുവാൻ നടപടി സ്വീകരിക്കുമോ ; | | |
| (ഡി) | ആത്മഹത്യയ്ക്കും ആത്മഹത്യാശ്രമത്തിനും ഇടയായ കാരണങ്ങളെക്കുറിച്ച് സ്പോർട്സ് വകുപ്പ് അന്വേഷണം നടത്തുന്നുണ്ടോ ; കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (ഡി) | അന്വേഷണം നടന്നുവരുന്നു. |
| (ഇ) | ആലപ്പുഴ സായി ഹോസ്റ്റലിൽ പെൺകുട്ടികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) | പ്രസ്തുത ഹോസ്റ്റൽ സായിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. അതുകൊണ്ട് സുരക്ഷ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാൻ സായിയോട് അഭ്യർത്ഥിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**